1800
13/2/15

## കേരള സർക്കാർ

### സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിലെ ഐ.ടി.ഐകളിൽ പഠനോപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ.)നം.251/2015/പജപവവിവ തിരുവനന്തപുരം, തീയതി 12.02.2015

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ ഡയറക്ടറുടെ 20.01.2015 ലെ T3-30491/14-ാം നമ്പർ കത്ത്.

### ഉത്തരവ്

5 വർഷം മുമ്പ് എൻ.സി.വി.ടി അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഐ.ടി.ഐ.കൾ 2015 മാർച്ചിനു മുമ്പ് റീ-അഫിലിയേഷൻ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ടതുണ്ടെന്നും, സ്ഥാപന പരിശോധനവേളയിൽ മാനദണ്ഡപ്രകാരമുള്ള എല്ലാ പഠനോപകരണങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുവാൻ നിബന്ധനയുള്ളതിനാൽ സിലബസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പഠനോപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ടെന്ന് ഡയറക്ടർ പരാമർശ കത്തിലൂടെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ഇതുപ്രകാരം **പൊന്നാനി, എടത്തിരുത്തി ഐ.ടി.ഐകളിൽ ഇലക്ട്രീഷ്യൻ ട്രേഡിന്** പുതുതായി വാങ്ങേണ്ട പഠനോപകരണങ്ങളുടെ ലിസ്റ്റും ആകെ ചെലവാകുന്ന തുക സംബന്ധിച്ചും റിപ്പോർട്ടിൽ ശുപാർശ നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസനവകുപ്പിനു കീഴിലെ **പൊന്നാനി, എടത്തിരുത്തി ഐ.ടി.ഐകളിൽ** ഇലക്ട്രീഷ്യൻ ട്രേഡിലേക്ക് പഠനോപകരണങ്ങൾ പുതുതായി വാങ്ങുന്നതിന് **27,26,490/- (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപത്തി ആറായിരത്തി നാനൂറ്റി തൊണ്ണൂറു രൂപ മാത്രം)** രൂപയുടെ ഭരണാനുമതി, താഴെപ്പറയുന്ന നിബന്ധനകളോടെ നൽകി ഉത്തരവാകുന്നു.

(1) ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ (2014-15) ബജറ്റ് വിഹിതപ്രകാരം "2225-01-277-57-34-OC-(P) ശീർഷകത്തിൽ തുക ലഭ്യമാണെന്ന് ഉറപ്പുവരുത്തി ടി ശീർഷകത്തിൽ നിന്നും തുക കണ്ടെത്തേണ്ടതാണ്.

(2) സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ചിരിക്കണം.

(3) കേടുവന്ന പഠനോപകരണങ്ങൾക്കു പകരം പുതിയവ വാങ്ങുന്നത്, ടി പഠനോപകരണങ്ങൾ നന്നാക്കാനാവാത്തവിധം കേടുവന്നതാണെന്ന് ഉറപ്പാക്കിയ ശേഷമായിരിക്കണം

(4) ഡയറക്ടറുടെ കത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള പഠനോപകരണങ്ങൾ വാങ്ങിയതു സംബന്ധിച്ച് ട്രെയിനിംഗ് ഓഫീസർ പരിശോധന നടത്തി ഉറപ്പുവരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**ഡോ. ആഷാ തോമസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്/ഇ&ആർ സെക്ടർ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ.*